പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1677 05.12.2014 ലെ മറുപടിയ്ക്ക്

## കനത്ത മഴയിൽ വാമനപുരം നിയോജകമണ്ഡലത്തിലുണ്ടായ കൃഷിനാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട്. എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | 2014 വർഷത്തിൽ പലപ്പോഴായി പെയ്ത കനത്ത മഴയിൽ വാമനപുരം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നാശം സംഭവിച്ച കാർഷിക വിളകൾ ഏതെല്ലാം ; ഇവയുടെ എണ്ണവും വ്യാപ്തിയും നഷ്ടം വന്ന തുകയും എത്ര വീതമാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ; | (എ) | 2014 വർഷത്തിൽ പലപ്പോഴായി പെയ്ത കനത്ത മഴയിൽ വാമനപുരം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സംഭവിച്ച കൃഷിനാശം സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രകൃതി ദുരന്തങ്ങളിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ഓരോ വിളകൾക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാരമായി നൽകി വരുന്നതെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-06-2012-ലെ സ.ഉ (എം.എസ്) നം. 239/2012/ഡി എം.ഡി ഉത്തരവ് പ്രകാരം 01-04-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ(എം.എസ്) നം. 343/2012/ഡിഎം.ഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ(എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം |

ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ (എം.എസ്) നം. 470/2013/ഡിഎം.ഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | വാമനപുരം നിയോജകമണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; എത്ര തുക വീതം ; ഇനി എത്ര പേർക്ക് എന്തു തുക കുടിശ്ശികയായി നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) | വാമനപുരം നിയോജകമണ്ഡലത്തിൽ 2014-ൽ പെയ്ത കനത്ത മഴയിൽ കൃഷി നാശം സംഭവിച്ച 1725 കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർക്ക് ധനസഹായം നല്കുന്നത് പരിശോധിച്ചുവരുന്നു. |
| (ഡി) | കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി കർഷകർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും പ്രസ്തുത അപേക്ഷകളിൽ കൃഷി വകുപ്പ് എങ്ങനെയാണ് തീർപ്പ് കൽപ്പിക്കുന്നതെന്നും വിശദമാക്കുമോ ? | (ഡി) | കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർ യഥാസമയം കൃഷി ഭവനിൽ അപേക്ഷ നല്കേണ്ടതാണ്. കർഷകർ നല്കുന്ന അപേക്ഷയും അനുബന്ധ രേഖകളും സ്വീകരിച്ച് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ ഉദ്യോഗസ്ഥരോടൊപ്പം കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാര തുക നിശ്ചയിച്ച് തുക അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | കല്ലറ | | നന്ദിയോട് | | നെല്ലനാട് | | പാങ്ങോട് | | പെരിങ്ങമല | | പുല്ലമ്പാറ | | വാമനപുരം | | പനവൂർ | | ആനാട് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കാർഷിക വിള | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക | എണ്ണം/ ഹെക്ടർ | തുക |
| വാഴ കലച്ചത് | 1470 | 147000 | 5350 | 535000 | 671 | 67100 | 514 | 51400 | 1191 | 119100 | 7695 | 769500 | 2200 | 220000 | 328 | 32800 | 591 | 59100 |
| വാഴ കലക്കാത്തത് | 1376 | 103200 | 670 | 50250 | 902 | 67650 | 360 | 27000 | 234 | 17550 | 4796 | 359700 | 2027 | 152025 | 10 | 750 | 75 | 5625 |
| പച്ചക്കറി (ഹെക്ടറിൽ) | 0.28 | 1400 | 3 | 15000 | 2.25 | 12600 | - | - | 0.08 | 4000 | 15.2 | 76000 | 0.4 | 2000 | 0.4 | 2000 | - | - |
| മരച്ചീനി (ഹെക്ടറിൽ) | 0.08 | 120 | 0.096 | 144 | 0.16 | 240 | - | - | - | - | - | - | 1 | 1500 | - | - | - | - |
| നെല്ല് (ഹെക്ടറിൽ) | - | - | - | - | 0.312 | 3120 | - | - | - | - | - | - | 2 | 20000 | - | - | - | - |
| വെറ്റില (ഹെക്ടറിൽ) | 0.02 | 1500 | 0.5 | 37500 | 0.012 | 900 | 0.02 | 1500 | - | - | 0.004 | 300 | 0.12 | 9000 | - | - | - | - |
| തെങ്ങ് കായ്ഫലമുള്ളത് | 12 | 8400 | 89 | 62300 | - | - | 10 | 7000 | 11 | 7700 | 17 | 11900 | - | - | - | - | 1 | 700 |
| തെങ്ങ് കായ്ഫലമില്ലാത്തത് | - | - | - | - | - | - | - | - | - | - | - | - | 27 | 9450 | - | - | - | - |
| റബ്ബർ ടാപ്പിംഗ് | 73 | 21900 | 531 | 159300 | - | - | 116 | 34800 | 76 | 22800 | 292 | 87600 | 37 | 11100 | 17 | 5100 | 2 | 600 |
| റബ്ബർ നോൺ ടാപ്പിംഗ് | 219 | 43800 | 84 | 16800 | - | - | - | - | 8 | 1600 | - | - | 180 | 36000 | - | - | - | - |
| കുരുമുളക് | 85 | 6375 | 30 | 2250 | - | - | 43 | 3225 | 26 | 1950 | 9 | 675 | - | - | - | - | - | - |
| കമുക് | - | | 25 | 3750 | - | - | - | - | - | - | 24 | 3600 | 7 | 1050 | - | - | 4 | 600 |
| ജാതി | - | | 4 | 1600 | - | - | - | - | - | - | - | - | - | - | - | - | - | - |
| ആകെ | | 333695 | | 883894 | | 151610 | | 124925 | | 174700 | | 1309275 | | 462125 | | 40650 | | 66625 |

സെക്ഷൻ ഓഫീസർ